# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി JANUARY | 14 | 2023 |
| --- | --- | --- |



ശബരിമല പത്രക്കുറിപ്പ് - 3

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

## ഭക്തജന ലക്ഷങ്ങൾക്ക് സായൂജ്യമേകി മകരവിളക്ക് തെളിഞ്ഞു

തിരമാലകൾ പോലെ ആർത്തലച്ച ഭക്തജന ലക്ഷങ്ങളുടെ പ്രാർഥനാനിർഭരമായ കൂപ്പുകൈകൾക്കുമേൽ പൊന്നമ്പലമേട്ടിൽ മകരവിളക്ക് തെളിഞ്ഞു. ശനിയാഴ്ച വൈകീട്ട് 6.45ന് മകരവിളക്ക് തെളിഞ്ഞതോടെ ദർശന സായൂജ്യത്തിന്റെ നിർവൃതിയിൽ സന്നിധാനം ശരണം വിളികളാൽ മുഖരിതമായി. പിന്നീട്, ര ് വട്ടം കൂടി പൊന്നമ്പലമേട്ടിൽ മകരവിളക്ക് തെളിഞ്ഞതോടെ വ്രതനിഷ്ഠയിൽ തപം ചെയ്ത മനസ്സുമായി മല കയറിയെത്തിയ അയ്യപ്പ ഭക്തർക്ക് പ്രാർഥനാ സാക്ഷാത്കാരത്തിന്റെ നിമിഷം.

പന്തളം വലിയകോയിക്കൽ കൊട്ടാരത്തിൽനിന്നെത്തിയ തിരുവാഭരണ ഘോഷയാത്രാ സംഘത്തിന് വൈകീട്ട് ആറ് മണിയോടെ ശരംകുത്തിയിൽവെച്ച് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ എച്ച്. കൃഷ്ണകുമാറിന്റെ നേതൃത്വത്തിൽ ദേവസ്വം ഭാരവാഹികൾ വൻ വരവേൽപ് നൽകി സന്നിധാനത്തേക്ക് ആനയിച്ചു.

കൊടിമര ചുവട്ടിൽവെച്ച് തിരുവാഭരണപ്പെട്ടി ദേവസ്വം വകുപ്പ് മന്ത്രി കെ.

രാധാകൃഷ്ണൻ, അഡ്വ. കെ.യു. ജെനീഷ് കുമാർ എം.എൽ എ, ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ, ബോർഡ് അംഗം അഡ്വ. എസ്.എസ്. ജീവൻ, സെക്രട്ടറി എസ്. ഗായത്രി ദേവി, ദേവസ്വം സെക്രട്ടറി കെ. ബിജു, ശബരിമല എഡിഎം പി വിഷ്ണു രാജ് തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.
തുടർന്ന് തിരുവാഭരണം ശ്രീകോവിലിലേക്ക് ആചാരപൂർവം ആനയിച്ചു. ശ്രീകോവിലിൽ തന്ത്രി കണ്ഠര് രാജീവരും മേൽശാന്തി കെ. ജയരാമൻ നമ്പൂതിരിയും ചേർന്ന് സ്വീകരിച്ച് തിരുവാഭരണ ങ്ങൾ അയ്യപ്പന് ചാർത്തി. തുടർന്ന് മഹാദീപാരാധന കഴിഞ്ഞയുടനാണ് പൊന്നമ്പലമേട്ടിൽ മകരവിളക്ക് മൂന്ന് പ്രാവശ്യം പ്രത്യക്ഷമായത്. ജനസമുദ്രമായിത്തീർന്ന ശബരിമല ശരണമന്ത്രങ്ങളാൽ മുഖരിതമായി.
മകരജ്യോതി ദർശനത്തിനായി സന്നിധാനത്തും പരിസരത്തെ വ്യൂപോയിൻറുകളായ പാ ിത്താവളം, നൂറ്റെട്ട് പടി, മാഗു  അയ്യപ്പനിലയം, കൊപ്രക്കളം തുടങ്ങിയ സ്ഥലങ്ങളിൽ നിരവധി ഭക്തരാണ് ദിവസങ്ങളായി തമ്പടിച്ചിരുന്നത്.
മകരജ്യോതി ദർശന ശേഷം അയ്യപ്പഭക്തരുടെ മലയിറക്കത്തിനായി പാ ിത്താവളത്തു നിന്നും സമീപ ഇടങ്ങളിൽ നിന്നുമായി ര ് പാതകൾ പോലീസ് ക്രമീകരിച്ചിരുന്നു. ഈ സമയം ഇതുവഴിയുള്ള ട്രാക്ടർ യാത്രയോ സന്നിധാനത്തേക്കുള്ള യാത്രയോ അനുവദിച്ചില്ല. ര ായിരത്തോളം പോലീസുദ്യോഗസ്ഥരെയാണ് സന്നിധാനത്ത് വിന്യസിച്ചത്.
മകരവിളക്ക് ദർശനത്തിനു ശേഷം മടങ്ങുന്ന അയ്യപ്പഭക്തർക്കായി കെഎസ്ആർടിസി 1000 അധിക സർവീസുകൾ നടത്തി. നിലവിലെ സർവീസുകൾക്ക് പുറമേയാണ് ദർശനം കഴിഞ്ഞ് തിരിച്ചിറങ്ങുന്ന ഭക്തരുടെ യാത്രാക്ലേശമൊഴിവാക്കാനുള്ള നടപടി. ദീർഘദൂര സർവീസിന് 795 ബസും പമ്പ-നിലയ്ക്കൽ ചെയിൻ സർവീസിന് 205 ബസുമാണ് ഏർപ്പെടുത്തിയത്.

(പി.ആർ. ശബരി-286)

## ശബരിമലയിൽ 45 ലക്ഷത്തോളം തീർഥാടകരെത്തി: മന്ത്രി കെ രാധാകൃഷ്ണൻ

ഈ വർഷത്തെ മണ്ഡല, മകരവിളക്ക് തീർഥാടനം ഭക്തരുടെ സാന്നിധ്യം കൊ ് സമ്പന്നമായെന്ന് പട്ടികജാതി പട്ടിക വർഗ പിന്നോക്ക ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ. വെള്ളിയാഴ്ചത്തെ കണക്കനുസരിച്ച് ഏകദേശം 45 ലക്ഷത്തോളം തീർത്ഥാടകർ ശബരിമലയിൽ എത്തിയിട്ടു ്. ജനുവരി 20

വരെയുള്ള കണക്കെടുക്കുമ്പോൾ 50 ലക്ഷത്തിലധികം ആളുകൾ എത്തിച്ചേരാൻ സാധ്യതയു ്.

കൊവിഡിന് ശേഷം വിപുലമായി നടത്തപ്പെട്ട തീർഥാടന കാലത്ത് ലക്ഷക്കണക്കിന് തീർഥാടകരാണ് എത്തിയത്. സ്വഭാവികമായും ഇത്രയധികം ഭക്തർ എത്തുമ്പോൾ ആവശ്യമായ സൗകര്യമൊരുക്കുക വലിയ പ്രയാസമുള്ള കാര്യമായിരുന്നു. അത് ക ു കൊ ു തന്നെ മുൻകൂട്ടി മുന്നൊരുക്കങ്ങൾ നടത്താൻ വേ ി മുഖ്യമന്ത്രി നേതൃത്വം കൊടുത്ത് പ്രവർത്തനങ്ങൾ നടത്തി. ഒപ്പം തന്നെ വിവിധ വകുപ്പുകളുടെ യോഗങ്ങൾ മന്ത്രിതലത്തിലും നടത്തി. ഓരോ വകുപ്പിലേയും മന്ത്രിമാർ പ്രത്യേകം യോഗങ്ങൾ ചേർന്ന് വകുപ്പുകൾ ശബരിമലയിൽ ചെയ്യേ കാര്യങ്ങൾ സംബന്ധിച്ച് തീരുമാനം എടുത്തു. കാര്യങ്ങൾ ഭംഗിയായി പൂർത്തീകരിക്കാൻ വകുപ്പുകൾക്ക് കഴിഞ്ഞു. പത്തനംതിട്ട ജില്ലാ ഭരണകൂടവും കോട്ടയം, ഇടുക്കി ജില്ലാ ഭരണകൂടങ്ങളും തീർഥാടനം മെച്ചപ്പെട്ട രീതിയിലാക്കാൻ നല്ല ഇടപെടലുകൾ നടത്തി. കേരളത്തിലെ മുഴുവൻ പ്രദേശങ്ങളിലും തീർഥാടകരെ സ്വീകരിക്കാനുള്ള സംവിധാനമൊരുക്കിയത് ഈ വർഷത്തെ പ്രത്യേകതയാണ്. പ്രധാനമായും അഞ്ച് ദേവസ്വം ബോർഡുകൾ, അവയ്ക്ക് കീഴിൽ വരുന്ന ക്ഷേത്രങ്ങളിൽ അയൽസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഭക്തർക്കടക്കം ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കാൻ സന്നദ്ധരായി. സന്നദ്ധ സേവന സംഘടനകളും കാര്യമായ സഹായങ്ങൾ ചെയ്തു.

സന്നിധാനത്തും പമ്പയിലും വലിയ രീതിയിലുള്ള ഒരുക്കങ്ങളാണ് വിവിധ വകുപ്പുകൾ ചെയ്തത്. അത് ക്രോഡീകരിക്കാനുള്ള വലിയ ശ്രമം പത്തനംതിട്ട കളക്ടറുടെ നേതൃത്വത്തിൽ നടന്നു. എ ഡി ജി പിയുടെ നേതൃത്വത്തിൽ വലിയ രീതിയിലുള്ള പോലീസ് സേനാംഗങ്ങളുടെ സഹകരണം ഉ ായി. വിവിധ വകുപ്പുകൾ ഏകോപിച്ച് പ്രവർത്തിക്കുന്ന സ്ഥിതിയു ായി. വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഇല്ലാത്തതാണ് മുമ്പ് പലപ്പോഴും പല വീഴ്ച്ചകൾക്കും കാരണമായത്. അതു കൊ ു തന്നെ വകുപ്പുകളെ ഏകോപിപ്പിച്ച് കൊ ് അവരുടെ കൂടെ പങ്കാളിത്തതോടെയാണ് വിവിധ പ്രവർത്തനങ്ങൾ നടത്തിയത്. അതു കൊ ു തന്നെയാണ് ലക്ഷക്കണക്കിന് തീർഥാടകർ എത്തിയ ശേഷവും അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കാൻ കഴിഞ്ഞത്.

തെലങ്കാന, കർണാടക, ആന്ധ്ര, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും കൂടുതൽ ഭക്തരെത്തിയെന്നത് ഇത്തവണത്തെ തീർഥാടനകാലത്തിന്റെ പ്രത്യേകതയാണ്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ഭക്തർ എത്തി. വിദേശത്തു നിന്നടക്കം ധാരാളം ഭക്തരാണെത്തിയത്. വരുന്ന ഭക്തർക്ക് അവരുടെ എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുന്നതിനായി സംവിധാനങ്ങൾ ക്രമീകരിക്കുന്നതിന് പരിമിതികൾ ഉ ്. ശബരിമലയിൽ ഭൂമിയുടെ ലഭ്യത വളരെ പ്രയാസം ഉ ാക്കുന്നു ്. പരിമിതമായ ഭൂമിയുടെ ലഭ്യത ഉപയോഗപ്പെടുത്തി കൊ ാണ് വാഹന പാർക്കിംഗിനടക്കം സൗകര്യം ക ത്തുന്നത്. ഇതിന് പുറമെ അധികമായി സ്ഥലം ക ത്തിയാണ് ഭക്തർക്ക് വേ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കാൻ കഴിയുന്നത്. ഇതിന്റെയെല്ലാം ഫലമായി എല്ലാ

ആളുകളുടെയുംസഹായത്തോടു കൂടി ഈ വർഷത്തെ ശബരിമല തീർഥാടനം ഏറ്റവും ഭംഗിയായിട്ട് നടത്താൻ കഴിഞ്ഞു. വിവിധ എം എൽ എമാരുടെയും പ്രസിഡന്റ് അടക്കമുള്ള ദേവസ്വം ബോർഡിന്റെയും വിവിധ വകുപ്പുകളിലെ ജീവനക്കാരുടെയും നല്ലരീതിയിലുള്ള പ്രവർത്തനങ്ങൾ ഉ ായി. സന്നിധാനത്ത് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ കുറ്റമറ്റ രീതിയിലുള്ള പ്രവർത്തനമു ായി. എല്ലാ അർഥത്തിലും ഇത്തവണത്തെ ശബരിമല തീർത്ഥാടന കാലം ഏറ്റവും ഭംഗിയായി നടത്തുന്നതിന് എല്ലാ തലത്തിൽ നിന്നുള്ള സഹായസഹകരണങ്ങളും ഉ ായിട്ടു ്. ഭക്തജന തിരക്ക് വർധിച്ച് വരുന്ന സ്ഥിതിയു ്. ഓരോ ഭക്തനും സ്വയം നിയന്ത്രിക്കാൻ വേ ിയുള്ള ശ്രദ്ധ ഇതുവരെ ഉ ായിട്ടു ്. ഇനിയങ്ങോട്ടും ആ ശ്രദ്ധ ഉ ാകണമെന്നും മന്ത്രി പറഞ്ഞു.

(പി.ആർ. ശബരി-287)

## പിഴവില്ലാത്ത ഏകോപനം; മനം നിറച്ച് മണ്ഡല – മകരവിളക്ക് തീർഥാടനം

പ്രളയവും കോവിഡും ഉൾപ്പെടെ പ്രതിസന്ധികാലത്തെ അതിജീവിച്ച് അയ്യനെ കാണാൻ കാത്തിരുന്ന് എത്തിയ തീർഥാടകരുടെ മനം നിറച്ചാണ് മണ്ഡല - മകരവിളക്ക് തീർഥാടനം വിജയകരമായി പൂർത്തിയാവുന്നത്. ഇത്തവണ തീർഥാടകരുടെ വലിയ തിരക്ക് ഉ ാകുമെന്ന് മുൻകൂട്ടി മനസിലാക്കി വിപുലവും ശാസ്ത്രീയവുമായ ക്രമീകരണങ്ങളാണ് ദേവസ്വം ബോർഡും വിവിധ വകുപ്പുകളും വഴി സംസ്ഥാന സർക്കാർ സമയബന്ധിതമായി ഏർപ്പെടുത്തിയത്. കോവിഡ് നിയന്ത്രണങ്ങൾ നീങ്ങിയതിനാൽ തീർഥാടകർക്ക് തൃപ്തികരവും പരാതികളില്ലാത്തതുമായ ദർശനം ഉറപ്പാക്കാനാണ് സർക്കാർ ശ്രമിച്ചത്. ശരണ മന്ത്രങ്ങളാൽ മുഖരിതമായ മണ്ഡല-മകര വിളക്ക് കാലം സമാപിക്കവേ, വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ സുരക്ഷ, ശുചിത്വം, ഇടവേളകളില്ലാത്ത ഭക്തപ്രവാഹം എന്നിവ ഉറപ്പാക്കാൻ കഴിഞ്ഞു. ദേവസ്വം ബോർഡ്, പോലീസ്, റവന്യു-ദുരന്ത നിവാരണം, വനം വകുപ്പ്, ആരോഗ്യം, കെഎസ്ഇബി, വാട്ടർ അതോറിറ്റി, കെഎസ്ആർടിസി, എക്സൈസ് ഉൾപ്പെടെ സേവനം ചെയ്ത എല്ലാ സർക്കാർ വകുപ്പുകളും സുഗമവും സുരക്ഷിതവുമായ തീർഥാടനത്തിന് അക്ഷീണപ്രയത്നം ചെയ്തു.

ശബരിമല തീർഥാടന ക്രമീകരണങ്ങൾ വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ചേർന്ന യോഗങ്ങൾ നിർണായകമായി. ദേവസ്വം മന്ത്രി

കെ. രാധാകൃഷ്ണനും വിവിധ മന്ത്രിമാരും പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലാ കളക്ടർമാരും അവലോകന യോഗങ്ങൾ നടത്തി ക്രമീകരണങ്ങൾ വിലയിരുത്തി. ദേവസ്വം മന്ത്രി സന്നിധാനത്തും പമ്പയിലും ആറ് തവണയെത്തി സൗകര്യങ്ങളും ക്രമീകരണങ്ങളും നേരിട്ടു വിലയിരുത്തി. പുനലൂർ, ചെങ്ങന്നൂർ, എരുമേലി, പന്തളം എന്നീ ഇടത്താവളങ്ങളിലെ സൗകര്യങ്ങളും ദേവസ്വം മന്ത്രി അവലോകനം ചെയ്തു. പുല്ലുമേട് അടക്കമുള്ള കാനനപാതകളും ദേവസ്വം മന്ത്രി സന്ദർശിച്ചു ക്രമീകരണങ്ങൾ വിലയിരുത്തിയത് തീർഥാടന വിജയത്തിലേക്കു നയിച്ചു. മണ്ഡല - മകരവിളക്ക് തീർഥാടന വിജയം ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപന്റെയും റവന്യു (ദേവസ്വം) സെക്രട്ടറി കെ. ബിജുവിന്റെയും നേതൃത്വത്തിലുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനമികവ് പ്രതിഫലിപ്പിക്കുന്നതായി.

പത്തനംതിട്ട ജില്ലയുടെ ചുമതലയുള്ള ആരോഗ്യമന്ത്രി വീണാ ജോർജും ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറും എംഎൽഎമാരായ അഡ്വ. മാത്യു ടി തോമസ്, അഡ്വ. കെ.യു. ജനീഷ് കുമാർ, അഡ്വ. പ്രമോദ് നാരായൺ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ എന്നിവരും ശബരിമല തീർഥാടന ക്രമീകരണങ്ങൾ നിരന്തരം വിലയിരുത്തുകയും ആവശ്യമായ മാർഗനിർദേശങ്ങൾ വിവിധ വകുപ്പുകൾക്ക് നൽകുകയും ചെയ്തു. തീർഥാടനത്തിനു മുൻപായി പമ്പ, നിലയ്ക്കൽ, പത്തനംതിട്ട എന്നിവിടങ്ങളിൽ നേരിട്ടെത്തി വിലയിരുത്തൽ നടത്തിയ ആരോഗ്യമന്ത്രി വീണാ ജോർജ് മികച്ച ആരോഗ്യ സംവിധാനം ഒരുക്കുന്നതിന് നേതൃത്വം നൽകി. പ്രധാന ഇടത്താവളമായ പന്തളത്തെ ക്രമീകരണങ്ങൾ മികവുറ്റതാക്കുന്നതിന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നടത്തിയ യോഗങ്ങളും നേരിട്ടു നടത്തിയ സന്ദർശനങ്ങളും വഴിയൊരുക്കി. കോന്നി, റാന്നി എംഎൽഎമാർ ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങൾ നിരന്തരം സന്ദർശിക്കുകയും ഇവിടങ്ങളിൽ ചേർന്ന വിവിധ യോഗങ്ങളിൽ പങ്കെടുക്കുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു. പത്തനംതിട്ട ജില്ലാ കളക്ടർ ഡോ. ദിവ്യ എസ് അയ്യരും പത്തനംതിട്ട ജില്ലാ പോലീസ് മേധാവി സ്വപ്നിൽ മധുകർ മഹാജനും പത്തനംതിട്ട ജില്ലയിലെ തീർഥാടന ക്രമീകരണങ്ങൾ വിലയിരുത്തുകയും ഏകോപിപ്പിക്കുകയും ചെയ്തു. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ ക്രമീകരണങ്ങൾ ക്യാമ്പ് ചെയ്തു വിലയിരുത്തിയ ശബരിമല എഡിഎം പി. വിഷ്ണുരാജ് വിവിധ വകുപ്പുകളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകി.

വെർച്വൽ ക്യു ബുക്കിംഗ് ഏറ്റെടുത്തതിനൊപ്പം സ്പോട്ട് ബുക്കിംഗ് സൗകര്യവും ഏർപ്പെടുത്തി തീർഥാടകർക്കായി ദേവസ്വം ബോർഡ് വിപുലമായ സൗകര്യങ്ങളാണ് ഒരുക്കിയത്. ഒരു ഘട്ടത്തിൽ തിരക്ക് ഒരുലക്ഷം കടന്നപ്പോൾ വെർച്വൽക്യു ബുക്കിംഗ് 90,000 ആയി ക്രമീകരിക്കുകയും ദർശന സമയം 19 മണിക്കൂറായി വർധിപ്പിക്കുകയും ചെയ്തു. ഇതിനൊപ്പം നിലയ്ക്കലിൽ കൂടുതൽ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യവും ഏർപ്പെടുത്തി. പ്രതിദിന സന്ദർശനം

90,000 പേർക്കായി പരിമിതപ്പെടുത്തിയതിലൂടെ തീർഥാടകർക്ക് സുരക്ഷയും സൗകര്യവും വർധിച്ചു. ദർശന സമയം ഒരു മണിക്കൂർ കൂടി ദീർഘിപ്പിച്ചതോടെ കൂടുതൽ സൗകര്യമായി. നിലയ്ക്കലിൽ കൂടുതൽ സ്ഥലം ക െത്തിയതോടെ പാർക്കിങ്ങ് പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു.

ദേവസ്വം ബോർഡ് വിരി, ഭക്ഷണം, കുടിവെള്ളം, ശൗചാലയം എന്നിവ ഉറപ്പാക്കി. 2406 ശൗചാലയങ്ങളും 34,100 വിരിവയ്ക്കാനുള്ള സൗകര്യവും സജ്ജമാക്കി. ഔഷധ കുടിവെള്ളം നൽകുന്നതിന് ദേവസ്വം ബോർഡ് വിവിധ പോയിന്റുകളിൽ വിപുലമായ വിതരണ സംവിധാനം ഏർപ്പെടുത്തി. ദിവസേന ശരാശരി ര ര ലക്ഷം അരവണയും ര ുലക്ഷം അപ്പവും വിതരണം ചെയ്തു. അപ്പവും അരവണയും ആവശ്യത്തിന് ലഭ്യമാക്കാനായി. ദേവസ്വം ബോർഡിന്റെ അന്നദാന മണ്ഡപങ്ങളിലൂടെ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ തീർഥാടകർക്ക് അന്നദാനം നടത്തി. മകരവിളക്ക് ദർശനത്തിനായി തീർഥാടകർ എത്തിയ സ്ഥലങ്ങളിലെല്ലാം മതിയായ അടിസ്ഥാന സൗകര്യങ്ങളും സുരക്ഷയും ഉറപ്പാക്കി. പാ ിത്താവളത്ത് കൂടുതൽ സൗകര്യം ഒരുക്കി.

ദീർഘ നേരത്തെ ക്യൂ ബുദ്ധിമുട്ടായപ്പോൾ കുട്ടികൾ, ഭിന്ന ശേഷിക്കാർ, പ്രായമായ സ്ത്രീകൾ, മുതിർന്നവർ എന്നിവർക്ക് പ്രത്യേക ദർശന സൗകര്യം ഏർപ്പെടുത്തി. ക്യൂ നിൽക്കുന്നവർക്ക് ചുക്കു വെള്ളവും ലഘു ഭക്ഷണവും നൽകിയത് ആശ്വാസമായി. തീർഥാടകരുടെ തിരക്കേറിയപ്പോൾ സന്നിധാനത്ത് സ്റ്റീൽ കുപ്പികളിൽ ഔഷധവെള്ളം വിതരണം ആരംഭിച്ചു. 500 സ്റ്റീൽ കുപ്പികളാണ് വെള്ളം വിതരണം ചെയ്യാനായി സജ്ജമാക്കിയത്. ഹരിതചട്ടം പാലിച്ച് പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കാനും സ്റ്റീൽ കുപ്പികളുടെ ഉപയോഗത്തിലൂടെ കഴിഞ്ഞു.

തീർഥാടകരുടെ തിരക്ക് കണക്കിലെടുത്ത് മല കയറി വരുന്നവർക്ക് സഹായമേകുന്നതിനായി ശരംകുത്തി കഴിഞ്ഞുള്ള ആറ് ക്യു കോപ്ലക്സുകൾ സജ്ജമാക്കിയിരുന്നു. തീർഥാടകർക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ 52 ഇടത്താവളങ്ങൾ സജ്ജമാക്കിയിരുന്നു. ഇതിന് പുറമേ കൊച്ചിൻ, മലബാർ ദേവസ്വങ്ങൾക്കു കീഴിൽ വരുന്ന 12 ക്ഷേത്രങ്ങളിലും സർവ സജ്ജീകരണങ്ങളുമായി ഇടത്താവളങ്ങളങ്ങൾ ഒരുക്കി. ഇവ 24 മണിക്കൂറും പ്രവർത്തിച്ചു. പൊലീസിന്റെ നൈറ്റ് പട്രോളിംഗ്, വിരിവെയ്ക്കാനുള്ള ഷെൽട്ടർസൗകര്യം, കുടിവെള്ളം, ആഹാരം, ടോയ്ലറ്റ് എന്നിവ എല്ലാ ഇടത്താവളങ്ങളിലും സജ്ജമാക്കിയിരുന്നു.

തീർഥാടനത്തിനെത്തുന്ന ഭക്തരുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കാൻ സർക്കാർ എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയിരുന്നു. ആവശ്യമായ ചികിത്സാ കേന്ദ്രങ്ങളും വിദഗ്ധ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും ആവശ്യത്തിന് മരുന്നുകളും ലഭ്യമാക്കി. അലോപ്പതി, ആയുർവേദ, ഹോമിയോ ചികിത്സാ വിഭാഗങ്ങൾ പൂർണസജ്ജമായിരുന്നു. മണ്ഡലകാലത്തിന്റെ തുടക്കത്തിൽ ളാഹയിലു ായ വാഹനാപകടത്തിൽ പരിക്കേറ്റവരെ പരിചരിക്കുന്നതിൽ മുതൽ മാതൃകാപരമായ പ്രവർത്തനമാണ് ആരോഗ്യ വകുപ്പ് കാഴ്ചവെച്ചത്.

തീർഥാടകരുടെ അടിയന്തര ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ ആധുനിക സംവിധാനങ്ങളോടെയുള്ള സൗകര്യങ്ങളാണ് ഏർപ്പെടുത്തിയത്. ഡോക്ടർമാർ ഉൾപ്പടെയുള്ള കൂടുതൽ ആരോഗ്യ പ്രവർത്തകരെ പമ്പ മുതൽ സന്നിധാനം വരെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ സേവനത്തിനായി നിയോഗിച്ചു. പമ്പയിലും സന്നിധാനത്തും ആധുനിക സജ്ജീകരണങ്ങളുള്ള ആശുപത്രികളാണ് സജ്ജമാക്കിയത്. അടിയന്തര ശസ്ത്രക്രിയയ്ക്കുള്ള ഓപ്പറേഷൻ തിയേറ്റർ, എക്സ് റേ, ലബോറട്ടറി സൗകര്യം, ഇസിജി, വെന്റിലേറ്റർ, കാർഡിയോളജി സെന്ററുകൾ എന്നിവയും തയാറാക്കി. പമ്പ മുതൽ സന്നിധാനം വരെയുള്ള 18 അടിയന്തര വൈദ്യ സഹായ കേന്ദ്രങ്ങളിൽ പരിശീലനം ലഭിച്ച ആരോഗ്യപ്രവർത്തകരുടെ സേവനങ്ങൾ 24 മണിക്കൂറും ലഭ്യമാക്കിയിരുന്നു. മകരവിളക്കിനോട് അനുബന്ധിച്ച് അപകടങ്ങളു ായാൽ സ്വീകരിക്കാനുള്ള പ്രത്യേക പദ്ധതികളും മുൻകൂട്ടി ആസൂത്രണം ചെയ്തിരുന്നു.

സന്നിധാനത്ത് അലോപ്പതി, ആയുർവേദം, ഹോമിയോ ആശുപത്രികൾ തീർഥാടന കാലയളവിൽ 24 മണിക്കൂറും പൂർണസജ്ജമായാണ് പ്രവർത്തിച്ചത്. അടിയന്തിര സാഹചര്യത്തിലുള്ള രോഗികളെ സന്നിധാനം ആശുപത്രിയിലെ പ്രഥമ ശുശ്രൂഷയ്ക്കു ശേഷം പമ്പയിലേക്കും അവിടെ നിന്നും പത്തനംതിട്ട ജനറൽ ആശുപത്രി, കോട്ടയം മെഡിക്കൽ കോളജ് എന്നിവിടങ്ങളിലേക്കു മാറ്റുന്നതിന് കൃത്യമായ ക്രമീകരണം ഏർപ്പെടുത്തിയിരുന്നു.

ആന്റി വെനം, ആന്റി റാബിസ് വാക്സിൻ പോലുള്ള മരുന്നുകളുടെ ലഭ്യതയും കോവിഡാനന്തര തീർഥാടന കാലം ആയതിനാൽ ശ്വാസകോശ, ഹൃദയ സംബന്ധമായ ഡോക്ടർമാരുടെ സേവനവും ഉറപ്പാക്കിയിരുന്നു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പമ്പ ഗവ ആശുപത്രിയിൽ ആരോഗ്യവകുപ്പിന്റെ കൺട്രോൾ റൂം പ്രവർത്തിച്ചു.

ശബരിമലയിൽ എത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ ഉള്ള എല്ലാ തീർഥാടകരും ആരോഗ്യ രേഖകൾ കൂടി കൈയിൽ കരുതണമെന്നും അടിയന്തര സാഹചര്യങ്ങളിൽ ചികിത്സയ്ക്ക് ഇതു സഹായകമാകുമെന്നും അറിയിപ്പുകൾ നൽകിയത് ഏറെ സഹായകമായി. നീലിമല, അപ്പാച്ചിമേട് കാർഡിയോളജി സെന്ററുകൾ, ചരൽമേട് ആശുപത്രി എന്നിവയും പമ്പയിൽ നിന്നു ശബരിമല സന്നിധാനത്തേക്കുള്ള പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും പ്രവർത്തിച്ച എമർജൻസി മെഡിക്കൽ സെന്ററുകളും അടിയന്തിര സേവനം നൽകുന്നതിൽ മാതൃകയായി. ശ്വാസംമുട്ട്, ഹൃദയാഘാതം എന്നിവ അനുഭവപ്പെട്ട തീർഥാടകർക്ക് അടിയന്തിര ചികിത്സ ലഭ്യമാക്കിയതിലൂടെ മരണനിരക്ക് കുറയ്ക്കാനും എമർജൻസി മെഡിക്കൽ സെന്ററിന്റെ സേവനത്തിലൂടെ കഴിഞ്ഞു.

തീർഥാടകർക്ക് ശബരിമലയിലേക്ക് എത്തുന്നതിനുള്ള പ്രധാന റോഡുകളെല്ലാം സമയബന്ധിതമായി നവീകരിച്ചു. കുടിവെള്ളം ലഭ്യമാക്കാൻ 1855 കിയോസ്കുകൾ സജ്ജമാക്കി. പമ്പാ നദിയിലെ ത്രിവേണിയിൽ നിന്നു പമ്പു ചെയ്തു പ്രതിദിനം 70 ലക്ഷം ലിറ്റർ വെള്ളമാണ് ശരംകുത്തിയിൽ എത്തിച്ച് വാട്ടർ അതോറിറ്റി വിതരണം ചെയ്തത്.

ഇതിനു പുറമേ 12 റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ മുഖേന മണിക്കൂറിൽ 35,000 ലിറ്റർ വെള്ളം ശുദ്ധീകരിച്ചു. പമ്പ സന്നിധാനം പാതയിൽ 102 കിയോസ്കുകൾ ജലവിതരണത്തിനായി സ്ഥാപിച്ചിരുന്നു. ചൂടുവെള്ളവും തണുത്ത വെള്ളവും വിതരണം ചെയ്യുന്ന ഏഴു വാട്ടർ ഡിസ്പെൻസറുകൾ പമ്പ കെഎസ്ആർടിസി മുതൽ ശരംകുത്തി വരെ സ്ഥാപിച്ചിരുന്നു. തീർഥാടകർ കടന്നു വരുന്ന വനപാതകളിൽ ഉൾപ്പെടെ മുടക്കമില്ലാതെ വൈദ്യുതി ഉറപ്പാക്കാൻ കെഎസ്ഇബിക്കു കഴിഞ്ഞു. മകരവിളക്കുമായി ബന്ധപ്പെട്ട് പാ ിത്താവളത്ത് അധികമായി 50 ലൈറ്റുകളും 40 കുടിവെള്ള ടാപ്പുകളും സ്ഥാപിച്ചു.

ഭക്ഷണ സാധനങ്ങളുടെ വില വിവരപട്ടിക എല്ലാ സ്ഥാപനങ്ങളിലും കടകളിലും പ്രദർശിപ്പിക്കുന്നത് ഉറപ്പാക്കിയിരുന്നു. അതേപോലെ തീർഥാടകരെ ചൂഷണം ചെയ്യുന്നില്ലെന്ന് ഉറപ്പാക്കാൻ വ്യാപാര സ്ഥാപനങ്ങളിലും ഭക്ഷണശാലകളിലും സ്ക്വാഡ് പരിശോധന നിരന്തരം നടത്തി. തീർഥാടനകാലത്ത് കർശനമായ പരിശോധനകളാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നത്. ശബരിമലയിലേക്ക് തീർഥാടകരെ എത്തിക്കുന്നതിനും മടക്കി കൊ ുപോകുന്നതിനും കെഎസ്ആർടിസി ഏറ്റവും മാതൃകാപരമായ സേവനമാണ് നടത്തിയത്. മണ്ഡല പൂജയ്ക്കും മകരവിളക്കിനും തീർഥാടകർക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിന് കെഎസ്ആർടിസി ജീവനക്കാർ വലിയ പ്രയത്നമാണ് നടത്തിയത്.

ശബരിമല മണ്ഡല, മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ട് ശുചിത്വം ഉറപ്പാക്കുന്നതിന് നിതാന്ത ജാഗ്രതയാണ് സർക്കാർ പുലർത്തിയത്. ശബരിമലയെ ശുചിയായി സൂക്ഷിക്കുന്നതിന് 1000 വിശുദ്ധി സേനാംഗങ്ങളെയാണ് പത്തനംതിട്ട ജില്ലാ കളക്ടർ ഡോ. ദിവ്യ എസ് അയ്യർ ചെയർമാനായ ശബരിമല സാനിറ്റേഷൻ സൊസൈറ്റി നിയോഗിച്ചിരുന്നത്. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ വിപുലമായ ശുചീകരണമാണ് മണ്ഡല മകരവിളക്ക് ഉത്സവ കാലത്ത് വിശുദ്ധി സേന നടത്തിയത്. ശബരിമലയെ ശുചിയായി സൂക്ഷിക്കുന്നതിൽ കൈയ്മെയ് മറന്നുള്ള പ്രവർത്തനമാണ് സാനിറ്റേഷൻ സൊസൈറ്റിയുടെ വിശുദ്ധ സേനാംഗങ്ങൾ നടത്തുന്നത്. സന്നിധാനവും പരിസരവും സദാ സമയവും വൃത്തിയായി സൂക്ഷിക്കുന്നതിൽ ഇവരുടെ പങ്ക് ശ്രദ്ധേയമാണ്.

പൂങ്കാവനത്തെ ശുചിയായി സൂക്ഷിക്കണമെന്ന സന്ദേശം തീർഥാടകർക്ക് നൽകുന്നതിന് പത്തനംതിട്ട ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ മിഷൻഗ്രീൻ ശബരിമല, ദേവസ്വം ബോർഡിന്റെ പവിത്രം ശബരിമല, പോലീസിന്റെ പുണ്യം പൂങ്കാവനം എന്നീ പദ്ധതികൾ വിജയകരമായി തീർഥാടനകാലത്ത് നടപ്പാക്കി. പ്ലാസ്റ്റിക് ഉപയോഗം തടയുക, പമ്പാ നദി മാലിന്യമുക്തമാക്കുക എന്നീ ലക്ഷ്യങ്ങളോടെ മിഷൻ ഗ്രീൻ ശബരിമലയുടെ ഭാഗമായി വിവിധ വകുപ്പുകളുമായി സഹകരിച്ച് ബോധവത്കരണവും നടത്തി. പമ്പാ നദിയിലെ മലിനജലം ഒഴുക്കി കളയുന്നതിന് ജലസേചന വകുപ്പ് നടപടി സ്വീകരിച്ചു.

ശബരിമലയുടെ സുരക്ഷ ഉറപ്പാക്കുന്നതിലും തിരക്ക് നിയന്ത്രിച്ച് തീർഥാടകർക്ക് ദർശനം ഉറപ്പാക്കുന്നതിലും പോലീസിനൊപ്പം, ദ്രുതകർമ്മസേന, ഫയർഫോഴ്സ്

എന്നിവയും മികച്ച പ്രവർത്തനമാണ് നടത്തിയത്. പതിനെട്ടാംപടി കയറുന്ന തീർഥാടകർക്ക് സഹായം നൽകി ഇത്തവണയും പോലീസ് സേന മഹനീയ സേവനത്തിന് മാതൃകയായി. കുഞ്ഞുങ്ങൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ തുടങ്ങിയവർക്ക് പ്രത്യേക പരിഗണന നൽകി മിനിറ്റിൽ ശരാശരി 80 പേരെ പടി കയറാൻ പോലീസ് സേന സഹായിച്ചു. ഇതിനു പുറമേ വലിയ നടപ്പന്തലിൽ കുട്ടികൾക്കും ഭിന്ന ശേഷിക്കാക്കും, പ്രായമായ സ്ത്രീകൾക്കും മുതിർന്നവർക്കുമായി പ്രത്യേക ക്യു സൗകര്യം ഏർപ്പെടുത്തിയിരുന്നു. പത്തനംതിട്ട ജില്ലയിൽ മാത്രം മകരവിളക്കുമായി ബന്ധപ്പെട്ട് 11 സ്ഥലങ്ങളിലായി 10,000 വാഹനങ്ങൾക്ക് അധിക പാർക്കിംഗ് സൗകര്യം ഒരുക്കി. മകരവിളക്കിനു ശേഷം തീർഥാടകർക്ക് സന്നിധാനത്തു നിന്നും പമ്പയിലേക്ക് സുരക്ഷിതമായി പോകുന്നതിന് പ്രത്യേക ക്രമീകരണം ഏർപ്പെടുത്തിയിരുന്നു.

ശബരിമല തീർഥാടനത്തോട് അനുബന്ധിച്ചുള്ള അടിയന്തിര ഘട്ട ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിലും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക സഹായത്തോടെയും അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രം (എമർജൻസി ഓപ്പറേഷൻ സെന്റർ- ഇ.ഒ.സി) ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മികച്ച നിലയിൽ പ്രവർത്തിച്ചു.

വന്യജീവി ശല്യം ഒഴിവാക്കുന്നതിന് മികച്ച ക്രമീകരണങ്ങളാണ് വനം വകുപ്പ് ഏർപ്പെടുത്തിയത്. ഇതിനു പുറമേ വനപാതകളിൽ ദേവസ്വം ബോർഡ്, ആരോഗ്യവകുപ്പ് എന്നിവയുമായി ചേർന്ന് തീർഥാടകർക്കായി ചികിത്സ, കുടിവെള്ള വിതരണം ഉൾപ്പെടെ സൗകര്യങ്ങൾ വനം വകുപ്പ് ഏർപ്പെടുത്തി. ലഹരി ഉപയോഗം കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും എക്സൈസ് വകുപ്പിന്റെ സ്ക്വാഡുകളുടെ പ്രവർത്തനം സഹായകമായി.

(പി.ആർ. ശബരി- 288)

## അയ്യപ്പനെ തൊഴുത് തെലുങ്കാന എംഎൽഎ ശങ്കർനായിക്

തെലുങ്കാന മഹ്ബൂബബാദ് എം എൽ എ ബനോത്ത് ശങ്കർ നായിക് ശബരിമല അയ്യപ്പ ദർശനം നടത്തി. ശനിയാഴ്ച ഉച്ചയോടെയായിരുന്നു എം എൽ എ മലകയറി സന്നിധാനത്തെത്തിയത്. മണ്ഡല, മകരവിളക്ക് കാലത്ത് തെലുങ്കാനയിൽ നിന്നും ആന്ധ്രയിൽ നിന്നുമൊക്കെ ആയിരക്കണക്കിന് ഭക്തർ ശബരിമലയിലും പമ്പയിലുമൊക്കെ എത്തുന്നുണ്ടെന്നും അവർക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കാൻ കേരള സർക്കാർ ചെയ്യുന്ന വിവിധ പ്രവർത്തനങ്ങളിൽ സന്തോഷമുണ്ടെന്നും ശങ്കർ നായിക് എം എൽ എ പറഞ്ഞു. ശബരിമലയിൽ

ഉ ായിരുന്ന ദേവസ്വം വകുപ്പ് മന്ത്രി കെ രാധാകൃഷ്ണനേയും അദ്ദേഹം സന്ദർശിച്ചു.

(പി.ആർ. ശബരി- 289)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.